File No.CT/6283/2018-A1

240112/2019/(A) CCT


കമ്മീഷണറുടെ കാര്യാലയം
സംസ്ഥാന ചരക്കു-സേവന നികുതി വകുപ്പ്, കേരളം
ടാക്സ് ടവർ, കരമന, തിരുവനന്തപുരം - 695002
ഇ-മെയിൽ : esttcct@gmail.com
ഫോൺ : 0471–2785225

തിയതി : 20/05/2019

## സർക്കുലർ നം. 05/2019

വിഷയം : സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്, കേരളം - ജീവനക്കാര്യം – ജീവനക്കാരുടെ 2019 -20 വർഷത്തെ പൊതു സ്ഥലം മാറ്റം - അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന : സർക്കാർ ഉത്തരവ് സ.ഉ.(പി.) നമ്പർ 3/ 2017 /ഉ.ഭ.പ.വ. തിയതി 25 .02 .2017

സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിലെ ജീവനക്കാരുടെ 2019-20 വർഷത്തെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൻപ്രകാരം യോഗ്യരായ ജീവനക്കാർ തങ്ങളുടെ സ്ഥലംമാറ്റഅപേക്ഷകൾ ബന്ധപ്പെട്ട നിയന്ത്രണ അധികാരികൾക്കു മുമ്പാകെ നൽകേണ്ടതാണ്. ആയതിലെ വിവരങ്ങൾ നിയന്ത്രണ അധികാരികൾ ഓഫീസ് രേഖകളുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി 27.05.2019 നു മുമ്പായി അതതു ഡെപ്യൂട്ടി കമ്മീഷണർമാർക്കു സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിലുള്ള വിവരങ്ങൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്ന് ഡെപ്യൂട്ടി കമ്മീഷണർമാർ ഉറപ്പുവരുത്തി, തസ്തിക തരംതിരിച്ചു ക്രോഡീകരിച്ച വിവരങ്ങളും അപേക്ഷകളും scan ചെയ്ത് 28.05.2019 നു വൈകുന്നേരം അഞ്ചു മണിക്ക് മുമ്പായി esttcct@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടെയുള്ള അപേക്ഷകളുടെ അസ്സൽ 31.05.2019 നു മുമ്പായി കമ്മീഷണറുടെ കാര്യാലയത്തിൽ ലഭിക്കുന്ന തരത്തിൽ അയക്കേണ്ടതാണ്.

സ്ഥലം മാറ്റത്തിനായി സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട പ്രഫോർമയിലും *(പ്രഫോർമ ഉള്ളടക്കം ചെയ്യുന്നു)* സമയപരിധിക്കുള്ളിലും സമർപ്പിക്കപ്പെടാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല. പ്രത്യേക മുൻഗണന ആവശ്യപ്പെടുന്ന പക്ഷം ആയതിന്റെ രേഖകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്. എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാരും പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട സർക്കുലർ എല്ലാ ജീവനക്കാർക്കും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
അഡീഷണൽ കമ്മീഷണർ

*ഉള്ളടക്കം : മേൽ പ്രസ്താവിച്ച പ്രകാരം*

*എല്ലാ സബ് ഓഫീസുകൾക്കും*

//അംഗീകാരത്തോടെ//

സ്റ്റേറ്റ് ടാക്സ് ഓഫീസർ